## 1144

വന്നിടുക സ്നേഹമായ് വിളിച്ചിടുന്നു യേശു
മന്നിടത്തിൽ മാനവർ സമസ്തരും

1 ഉന്നതത്തിൽ നിന്നെ ചേർത്തിടുവാൻ-യേശു
ഉലകിതിൽ ബലിയായിത്തീർന്നു കന്നത്തിലടികൾ മുഷ്ടിയാലിടികൾ
കഷ്ടങ്ങളും നിന്ദകളും സഹിച്ചു-

2 പാപിയായ് പാരിൽ നീ മരിച്ചാൽ-അങ്ങു
പാതാളത്തിൽ ചേർന്നിടും സുനിശ്ചയം പാപങ്ങൾ ക്ഷമിച്ചിടും
സ്വർഗ്ഗലോകം ചേർത്തിടും പാപി വന്നിടുക യേശു സന്നിധൗ-

3 അൽപ്പകാലം മാത്രമുള്ള ജീവിതം-ഭൂവിൽ
ക്രിസ്തിന്നായ് നീ സമർപ്പിച്ചിടുകിൽ ദുഷ്ടനെ ജയിച്ചിടാം
പുഷ്ടമോദം വാണിടാം ശ്രേഷ്ഠനാം ശ്രീയേശുവെ നമിച്ചിടാം-
**P.M.J.**